# File No.LSGD-FM2/37/2020-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് 2019 -20 വാർഷിക പദ്ധതിയിൽ മലബാർ സ്പോർട് സ് അക്കാദമിക്ക് തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.421/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **19/02/2020**

---

പരാമർശം: - തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 01/02/2020 ലെ A2 239/2019-20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് 2019 -20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 239/2019-20 (*കായിക പരിശീലന ധന സഹായം - മലബാർ സ്പോർട് സ് അക്കാദമിക്ക് തുക നൽകൽ പ്രോജക്ട്*) കൊടുവള്ളി ബ്ലോക് പഞ്ചായത്ത്,തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് സംയുക്ത പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടിൽ ഗ്രാമപഞ്ചായത് വിഹിതമായി പ്ലാൻ ഫണ്ട് 3,00,000/ -രൂപയും, തനതു ഫണ്ട് 2,00,000/ -രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,00,000/- രൂപയും ചേർത്ത് ആകെ വകയിരുത്തിയിട്ടുള്ള പത്തു ലക്ഷം രൂപ മലബാർ സ്പോർട് സ് അക്കാദമിക്ക് കൈമാറുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായിക താരങ്ങൾക്ക് ലഘുഭക്ഷണം, പരിശീലകർക്ക് ഓണറേറിയം, പരിശീലന ഉപകരണങ്ങൾ എന്നിവയ്ക്കായി, കൊടുവള്ളി ബ്ലോക് പഞ്ചായത്ത് ,തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ള 10,00,000/- രൂപ (പത്തു ലക്ഷം രൂപ) ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ,കോഴിക്കോട്

സെക്രട്ടറി, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്,കോഴിക്കോട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.19 15:42:50 IST
Reason: Approved

സെക്ഷൻ ഓഫീസർ